## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 832      8.3.2012-ൽ മറുപടിക്ക്.

### ട്രാഫിക് ബോധവൽക്കരണവും റോഡ് സഹായ ഫണ്ടും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി: | | ശ്രീ. വി. എസ്. ശിവകുമാർ (ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | ട്രാഫിക് ബോധവൽക്കരണം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | ട്രാഫിക് നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ ബോധവൽക്കരണം നടത്തുന്നതിനായി റോഡു സുരക്ഷയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ വിവിധ ക്ലാസ്സുകളിലെ പാഠ്യ പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ, കൂടുതൽ ക്ലാസ്സുകളിലെ പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടു കൂടി പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നു. ഇതിലേയ്ക്കായി ബുക്ക്ലെറ്റുകൾ, പാംഫ്ലെറ്റുകൾ മറ്റു ലഘുലേഖകൾ എന്നിവ തയ്യാറാക്കി വിതരണം നടത്തി വരുന്നു. |
| (ബി) | റോഡപകടത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനായി പ്രത്യേകഫണ്ട് രൂപീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | അപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ